## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1572

01-11-2019-ൽ മറുപടിക്ക്

### തെങ്ങുകയറ്റ തൊഴിലാളികളുടെ പ്രശ്നങ്ങൾ

**ചോദ്യം**

ശ്രീ. കെ. എം. ഷാജി

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തെങ്ങുകയറ്റ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തി തെങ്ങ് കയറുന്നതിനുള്ള ഒരു യന്ത്രം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇരുന്ന് കയറാവുന്ന ഈ യന്ത്രം വളരെ സുരക്ഷിതമായി കയറാവുന്ന രീതിയിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. ഈ യന്ത്രത്തിന്റെ വ്യാപനത്തിനും കൂടുതൽ കർഷകരിലേക്ക് എത്തിക്കുന്നതിനുമായി സാങ്കേതിക വിദ്യ അർദ്ധ സർക്കാർ സ്ഥാപനമായ കേരള അഗ്രോ മെഷിനറി കോർപറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഈ ഗവേഷണ കേന്ദ്രത്തിൽ നിന്നും 338 തെങ്ങു കയറ്റ യന്ത്രങ്ങൾ കഴിഞ്ഞ മൂന്നര വർഷത്തിനുള്ളിൽ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പേർക്ക് തെങ്ങുകയറ്റ ഉപകരണങ്ങൾ വിതരണം ചെയ്തെന്നും എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | കൃഷിഭവനുകൾ മുഖേന 2016-17 വർഷം 3828 പേർക്കും, 2017-18 വർഷം 4695 പേർക്കും, 2018-19 വർഷം 6468 പേർക്കും ഉൾപ്പെടെ, ആകെ 14991 പേർക്ക് തെങ്ങുകയറ്റ ഉപകരണങ്ങൾ വിതരണം ചെയ്യുകയും ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.<br>കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ നിന്നും 338 പേർക്ക് തെങ്ങുകയറ്റ യന്ത്രം വിതരണം ചെയ്തിട്ടുണ്ട്. ഇവിടെ നിന്നും 1876 പേർക്ക് ഈ യന്ത്രം ഉപയോഗിക്കുന്നതിനുള്ള തെങ്ങു കയറ്റ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | തെങ്ങുകൃഷി വ്യാപനത്തിനും പരിപോഷണത്തിനുമായി പുതിയ സാങ്കേതിക സംവിധാനങ്ങൾ വികസിപ്പിക്കാൻ പദ്ധതികളുണ്ടോ; ഈ സർക്കാരിന്റെ ഭരണകാലത്ത് പുതിയ | (സി) | ഇന്ത്യയിലെ വിവിധ കാർഷിക സർവ്വകലാശാലകൾ സമർപ്പിച്ച പ്രോജക്ടുകളിൽ നിന്ന് മത്സരാധിഷ്ഠിതമായി തെരഞ്ഞെടുക്കപ്പെട്ട ICAR-NAHEP നാളികേരാധിഷ്ഠിത നൈപുണ്യ വികസന വിജ്ഞാന പദ്ധതി കേരള കാർഷിക |

| | | | |
|---|---|---|---|
| | ഉപകരണങ്ങളോ സാങ്കേതിക സംവിധാനങ്ങളോ വികസിപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ? | | സർവ്വകലാശാലയുടെ ഗവേഷണ വിഭാഗത്തിന്റെയും നാളികേര മിഷന്റെയും നേതൃത്വത്തിൽ ആരംഭിച്ചു. 2019-20 മുതൽ 2021-22 വരെയുള്ള കാലഘട്ടത്തിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 80% കേന്ദ്ര സർക്കാർ, ലോക ബാങ്ക് എന്നിവയുടെയും 20% സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കാർഷിക ബിരുദ വിദ്യാർത്ഥികളുടെയും ശാസ്ത്രജ്ഞരുടെയും ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനും, നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കാർഷിക രംഗം നേരിടുന്ന പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തി കാർഷിക രംഗത്തേയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെയും കർഷകരെയും വ്യവസായികളെയും ആകർഷിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പോഷക സമൃദ്ധമായ ഭക്ഷ്യ എണ്ണയായും സൗന്ദര്യ വർദ്ധക ലേപനങ്ങളായുമുള്ള വെളിച്ചെണ്ണയുടെ ഉൽപ്പന്ന വൈവിധ്യവൽക്കരണം തെങ്ങുകൃഷിയുടെ ഉന്നമനത്തിനും ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യുന്നതിനും സഹായകരമായി വർത്തിക്കും. നീര, കരിക്കിൻവെള്ളം, വെന്ത വെളിച്ചെണ്ണ, വെളിച്ചെണ്ണ, തേങ്ങാപ്പാൽ എന്നിവ ഉപയോഗിച്ചുള്ള വിവിധ ഉൽപ്പന്നങ്ങൾ, തെങ്ങിൻ തടിയിൽ നിന്നുള്ള ഗൃഹോപകരണങ്ങൾ, തെങ്ങിൽ നിന്നുള്ള വേസ്റ്റ് ഉപയോഗിച്ചുള്ള ഫ്യൂൽ ബ്രിക്കേറ്റുകൾ, കമ്പോസ്റ്റ് എന്നിവയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതിക സഹായം, തെങ്ങുകൃഷിക്കാവശ്യമായ യന്ത്രങ്ങൾ വികസിപ്പിക്കുവാനും, അവയിൽ പരിശീലനം നൽകുവാനും നാളികേരാധിഷ്ഠിത നൈപുണ്യ വികസന വിജ്ഞാന പദ്ധതി ലക്ഷ്യമിടുന്നു.<br>കേരള സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ കർഷക പങ്കാളിത്തത്തോടെ കഴിഞ്ഞ 3 വർഷങ്ങളിലായി കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം രണ്ട് പദ്ധതികളിലായി 1,15,000 ഗുണമേന്മയുള്ള തൈകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. 12 ജില്ലകളിൽ നിന്നുള്ള 48 തെങ്ങുകയറ്റ തൊഴിലാളികൾക്ക് സങ്കര ഇനങ്ങളുടെ ഉൽപ്പാദനത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, തെക്കൻ ജില്ലകളിലെ 133 തെങ്ങുകയറ്റ തൊഴിലാളികൾക്ക് 8 ബാച്ചുകളിലായും പരിശീലനം നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് ധനസഹായത്തോടെ 9,000 ഗുണമേന്മയുള്ള കുറിയ ഇനങ്ങളും സങ്കര ഇനങ്ങളുമായ തൈകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. സസ്യ സംരക്ഷണത്തിനുള്ള |

സാങ്കേതിക വിദ്യകൾ 12 ജില്ലകളിൽ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ) നടപ്പിലാക്കി വരുന്നുണ്ട്.

തെങ്ങു കൃഷിയുടെ വ്യാപനത്തിനായി കേരള കാർഷിക സർവ്വകലാശാലയുടെ മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം നാല് യന്ത്ര സംവിധാനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

**1. പവർ ടില്ലർ ഉപയോഗിച്ച് തെങ്ങിന്റെ തടം തുറക്കുന്നതിനുള്ള സംവിധാനം.**

പവർ ടില്ലർ ഉപയോഗിച്ച് 1.5 മീറ്റർ വ്യാസത്തിൽ ഏകദേശം 8 മുതൽ 10 വരെ തെങ്ങിന്റെ തടം ഒരു മണിക്കൂറിൽ തുറക്കുവാൻ സാധിക്കും. ഇത്തരത്തിലുള്ള 28 ഉപകരണങ്ങൾ നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

**2. കേര സുരക്ഷ തെങ്ങു കയറ്റ യന്ത്രം**

ഇരുന്നുകൊണ്ട് കയറാവുന്ന ഈ യന്ത്രം സ്ത്രീകൾക്ക് വരെ വളരെ സുഗമമായും സുരക്ഷിതമായും ഏകദേശം 4 മിനിറ്റിനുള്ളിൽ കയറി ഇറങ്ങാൻ സാധിക്കുന്ന തരത്തിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. 338 തെങ്ങു കയറ്റ യന്ത്രം നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്തു.

**3. 'തേങ്ങ തൊട്ടിൽ' - മെഷ് ടൈപ്പ്**

നഗര പ്രദേശങ്ങളിൽ അയൽപക്കത്തുള്ള സ്ഥലത്തേയ്ക്ക് തേങ്ങ വീഴാതിരിക്കാൻ സഹായിക്കുന്നതിന് തെങ്ങിന്റെ മുകളിൽ ഘടിപ്പിക്കാവുന്ന രീതിയിൽ ഇരുമ്പിന്റെ വല ഉപയോഗിച്ചാണ് തേങ്ങ തൊട്ടിൽ രൂപകല്പന ചെയ്തിരിക്കുന്നത്. ടി യന്ത്രം 28 എണ്ണം നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്തു.

**4. 'തേങ്ങ തൊട്ടിൽ' - നെറ്റ് ടൈപ്പ്**

നൈലോൺ നെറ്റ് ഉപയോഗിച്ച് ഉണ്ടാക്കിയിട്ടുള്ള ഈ ഉപകരണം തെങ്ങിൽ നിന്നുള്ള തേങ്ങ വീഴാതെ സംരക്ഷിക്കുന്നതിന് സഹായിക്കുന്നു. 17 എണ്ണം നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്തു.

ഇത് കൂടാതെ തെങ്ങിന്റെ മണ്ട വൃത്തിയാക്കി മരുന്ന് തളിക്കുന്നതിനും, വികസിപ്പിച്ചെടുത്ത യന്ത്രമുപയോഗിച്ച് കർഷകരുടെ കൃഷിസ്ഥലങ്ങളിൽ പോയി തെങ്ങിന്റെ തടം തുറക്കുന്നതിനുള്ള സേവനവും കാർഷിക ഗവേഷണ കേന്ദ്രം കേരസേനയിലൂടെ നടത്തി വരുന്നു. കൂടാതെ മോട്ടോർ ഉപയോഗിച്ച് ഇരുന്ന് തെങ്ങ് കയറാവുന്ന ഒരു യന്ത്രം വികസിപ്പിച്ചെടുക്കുന്നതിന്റെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ